# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. 2393

19 .06.2013 – ൽ മറുപടിയ്ക്ക്

## പത്തനംതിട്ട ജില്ലാ ആയുർവ്വേദാശുപത്രിയിൽ ലിഫ്റ്റ് സ്ഥാപിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) പത്തനംതിട്ട ജില്ലാ ആയുർവ്വേദാശുപത്രിക്കായി പുതിയ 4 നില കെട്ടിടം എന്നാണ് നിർമ്മിച്ചത്; നിർമ്മാണം പൂർത്തിയാക്കി വർഷങ്ങൾ കഴിഞ്ഞിട്ടും കെട്ടിടത്തിന് ലിഫ്റ്റ് സ്ഥാപിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2000-ലാണ് പത്തനംതിട്ട ജില്ലാ ആയുർവേദ ആശുപത്രി കെട്ടിടം നിർമ്മിച്ചത്. |
| (ബി) എങ്കിൽ ലിഫ്റ്റ് സ്ഥാപിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) ഫണ്ട് ലഭ്യമല്ലാത്തതിനാലാണ് ലിഫ്റ്റ് സ്ഥാപിക്കാതിരുന്നത് . |
| (സി) ലിഫ്റ്റില്ലാത്തതുമൂലം രോഗികളും, രോഗികളുടെ കൂട്ടിരിപ്പുകാരും ജീവനക്കാരും അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഗണിച്ച് പ്രസ്തുത ആശുപത്രിയിൽ ലിഫ്റ്റും, ജനറേറ്റർ സൗകര്യവും ഏർപ്പെടുത്തുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെ വ്യക്തമാക്കാമോ? | (സി) സ്ഥാപനത്തിൽ ഇപ്പോൾ ജനറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. ലിഫ്റ്റ് സ്ഥാപിക്കുന്നതിന് പത്തനംതിട്ട ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ലിഫ്റ്റ് സ്ഥാപിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ